## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 7280

16.07.2012 -ൽ മറുപടിയ്ക്ക്

### ഉപഭോക്തൃ സംരക്ഷണ സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ.അനൂപ് ജേക്കബ് (ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഉപഭോക്താക്കളുടെ താൽപര്യം സംരക്ഷിക്കാൻ ഏർപ്പെടുത്തിയ സർക്കാർ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനത്ത് എത്ര ഉപഭോക്തൃ കോടതികൾ നിലവിലുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ; എറണാകുളം ജില്ലയിൽ എവിടെയൊക്കെ പ്രസ്തുത കോടതികളുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് ഓരോ ജില്ലയിലും ഓരോ ഉപഭോക്തൃ തർക്ക പരിഹാര ഫോറവും തിരുവനന്തപുരത്ത് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും പ്രവർത്തിച്ച വരുന്നു. എറണാകുളം ജില്ലയിൽ കൊച്ചിയിലെ പുല്ലേപ്പടി എന്ന സ്ഥലത്താണ് ജില്ലാ ഫോറം പ്രവർത്തിച്ചുവരുന്നത്. |
| (സി) കച്ചവട സ്ഥാപനങ്ങൾ ഉപഭോക്താക്കൾക്ക് നൽകുന്ന ബില്ലിൽ വിൽപ്പന നടത്തിയ സാധനങ്ങൾ തിരിച്ചെടുക്കുന്നതല്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ; ഇതിന് നിയമ സാധുത ഉണ്ടോ; വിശദ വിവരം നൽകുമോ ? | (സി) ചില കച്ചവട സ്ഥാപനങ്ങൾ വിൽപ്പന നടത്തിയ സാധനങ്ങൾ തിരിച്ചെടുക്കുന്നതല്ല എന്ന് ബില്ലിൽ രേഖപ്പെടുത്താറുണ്ട്. ഇതിന് നിയമസാധുതയില്ല. ഇത് Consumer Protection Act, 1986, Section 14-ന് എതിരാണ്. ബില്ലിൽ ഇപ്രകാരം രേഖപ്പെടുത്തരുത് എന്ന് GO(P) No.60/07/F,CS&CA dated 03.11.2007 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ